# എസ് ആർ എസ് യു പി എസ്
# പള്ളിച്ചൽ , നരുവാമൂട്

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 _2026

## ഉള്ളടക്കം


- ആമുഖം
- പ്രവർത്തന പരിപാടികൾ
- വിദ്യാലയ ചരിത്രത്തിലേയ്ക്ക്
- സ്കൂൾ കൈവരിച്ച നേട്ടങ്ങൾ
- കാഴ്ചപ്പാട്
- പൊതു ലക്ഷ്യങ്ങൾ
- പ്രവർത്തനവിശദാംശം – വിഷയാനുസൃതം
- ഉപസംഹാരം

# വിദ്യാലയചരിത്രം

1. (എ)

നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ പഞ്ചായത്തിന്റെ മധ്യഭാഗത്ത് മൂക്കുന്നിമലയുടെ സമീപ ഭാഗത്തായി 1949 -ാമാണ്ട് ജൂൺ മാസം നരുവാമൂട് കൊപ്രാപ്പുര കൃഷ്ണപ്പണിക്കരുടെ വീട്ടിൽ വച്ച് ക്ലാസ്സ് ആരംഭിച്ചു.

ബാലരാമപുരം ഉപജില്ലയിൽ വരുന്ന ഈ വിദ്യാഭ്യാസ സ്ഥാപനം തുടർന്ന് തൊട്ടടുത്ത ശ്രീ. രാമകൃഷ്ണൻ സാറിന്റെ വസ്തുവിലേയ്ക്ക് കെട്ടിടം വച്ച് മാറി. കെട്ടിടത്തിന്റെ തറക്കല്ലിട്ടത് ഐ. ജി. ചന്ദ്രശേഖരൻ നായർ ആയിരുന്നു. തുടക്കത്തിൽ പള്ളിച്ചൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നാണ് അറിയപ്പെട്ടത്. 1950 -ൽ സ്കൂളിന് അംഗീകാരം കിട്ടുമ്പോൾ ഫസ്റ്റ് ഫോം ക്ലാസ്സ് പ്രവർത്തിക്കുകയായിരുന്നു. ആദ്യ വിദ്യാർത്ഥി കല്ലംപൊറ്റ വീട്ടിൽ ദാമോദരൻപിള്ള മകൻ ഡി. ഗംഗാധരൻ നായർ ആയിരുന്നു. ഫസ്റ്റ് ഫോമിൽ 26 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. തുടർന്ന് ഇംഗ്ലീഷ് മീഡിയം സ്കൂൾ പള്ളിച്ചൽ യു. പി. സ്കൂൾ എന്നായി. സ്കൂളിന്റെ സ്ഥാപകനായ ശ്രീ. രാമകൃഷ്ണൻ സാർ തന്നെയാണ് പ്രഥമ മാനേജിംഗ് ഹെഡ്മാസ്റ്റർ 1960 മാർച്ച് വരെ മാനേജിംഗ് ഹെഡ്മാസ്റ്റർ പദവിയിൽ തുടർന്നു. 1968 വരെ മാനേജരായി. 1969 മുതൽ സ്കൂൾ ശ്രീ. എസ്. രാമകൃഷ്ണസ്മാരക അപ്പർ പ്രൈമറി എന്ന പേരിൽ അറിയപ്പെട്ടു. ( എസ്. ആർ. എസ്. യു. പി. എസ്) സ്ഥാപക മാനേജരുടെ മരണശേഷം അദ്ദേഹത്തിന്റെ സഹധർമ്മിണി ജെ. ചെല്ലമ്മ മാനേജരായി. 1983 -ൽ സ്കൂൾ മാനേജർ ശ്രീ. റ്റി. സി ബാലകൃഷ്ണൻ നായരും 1998 മുതൽ ശ്രീ. എസ്. കുമരേശൻ സാറും മാനേജരായി തുടരുന്നു.

സ്കൂളിൽ നിന്നും പഠിച്ചു പുറത്തിറങ്ങിയവർ സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നു. ആദ്യ വർഷ വിദ്യാർത്ഥിയായി വന്ന സ്ഥാപകമാനേജരുടെയും പ്രഥമ അദ്ധ്യാപകന്റേയും മകനായ ശ്രീ. ആർ. രവീന്ദ്രനാഥ് കേരളയൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ആയി വിരമിച്ചു. രഘുനാഥൻ നായർ ഡെപ്യൂട്ടി കളക്ടറായും, കെ. സുരേന്ദ്രനാഥ് ജില്ലാ മജിസ്ട്രേറ്റായും മാറി 5200 ഓളം വിദ്യാർത്ഥികൾ ഈ സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി പുറത്തിറങ്ങി.

ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായും സാമൂഹികമായും പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. മറ്റു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും സാമ്പത്തികമായി വളരെ പിന്നാക്കമാണ്. 10% പോലും സർക്കാർ ഉദ്യോഗസ്ഥരുടെ മക്കൾ വിദ്യാലയത്തിൽ എത്തിച്ചേരുന്നില്ല. സ്കൂൾ സ്ഥാപിച്ച കാലത്തേതിൽ നിന്നും വളരെയധികം സാമൂഹിക, സാമ്പത്തിക അവസ്ഥയിൽ മുന്നോട്ടു പോകാൻ കഴിഞ്ഞെങ്കിലും പൊതുധാരയിൽ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല.


SRS. UP S. PALLICHAL


SRS UP S PALLICHAL

# അടിസ്ഥാന സൗകര്യങ്ങളുടെ വിശകലനം

- എല്ലാ മുറികളിലും വൈദ്യുതീകരണം നടത്താൻ കഴിഞ്ഞു.
- പുതിയ രണ്ട് കെട്ടിടങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- ഓഡിറ്റോറിയം ഉണ്ട്.
- ബാസ്ക്കറ്റ്ബോൾ കോർട്ട് സജ്ജമാക്കിയിട്ടുണ്ട്.
- സാനിറ്ററി കോംപ്ലക്സ് ഉണ്ട്.
- ഹരിത വിദ്യാലയമായി മാറിയ നമ്മുടെ സ്കൂളിന് ചുറ്റും നിരവധി മരങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

# വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ

- സംസ്ഥാന പി ടി എ പുരസ്കാരം.
- ഹരിത വിദ്യാലയം പുരസ്കാരം
- ഗാന്ധിദർശൻ പുരസ്കാരം.
- ഇൻസ്പെയർ അവാർഡ്.
- മലയാള മനോരമ പലതുള്ളി പുരസ്കാരം.
- മാതൃഭൂമി സീഡ് പുരസ്കാരം.
- ഉപജില്ല സംസ്കൃതോത്സവംഒന്നാം സ്ഥാനം.
- പ്രവർത്തി പരിചയമേളകളിൽ അംഗീകാരം.
- യു എസ് എസ് സ്കോളർഷിപ്പുകൾ.
- ബഷീർ സ്മാരക സാഹിത്യ മത്സരം ഒന്നാം സ്ഥാനം.

# വിദ്യാലയത്തിന്റെ പരിമിതികൾ

- വിദ്യാലയത്തിന് സ്വന്തമായി വാഹനം ഇല്ല
- ലൈബ്രറിയിൽ ധാരാളം പുസ്തകങ്ങൾ ഉണ്ട് എങ്കിലും അവ ഉചിതമായി ഉപയോഗിക്കുന്നതിന് റീഡിംഗ്ങ് റൂം ഇല്ല.
- സയൻസ് ലാബ് സജ്ജീകരിക്കുന്നതിന് അനുയോജ്യമായ മുറി ഇല്ല

# മലയാളം

# അക്കാദമിക നിലവാരം
# ഉയർത്താനുള്ള
# സ്കൂൾതല
# നിർദ്ദേശങ്ങൾ

# ആമുഖം

വായന അറിവും ആവേശവും നല്കുന്ന പ്രക്രിയയാണ്. ഓരോ വായനയും നവലോകങ്ങൾ തേടിയുള്ള യാത്രയാണ്. സ്കൂൾ തലത്തിൽ വച്ചാണ് വായന വളരുന്നത്. പാഠപുസ്തകങ്ങൾക്കപ്പുറം വായന വികസിപ്പിക്കാൻ വിദ്യാലയാന്തരീക്ഷം മികവുറ്റതാക്കിത്തീർക്കാ.ൻ ശ്രമിക്കേണ്ടതുണ്ട്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാല യളവ് |
|---|---|---|---|
| മുഴുവൻ വിദ്യാർത്ഥിക ളെയും വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുന്നതിന് | അക്ഷരക്കാർഡ്<br>ചിഹ്നങ്ങൾ<br>പദക്കാർഡ്<br>വാക്യങ്ങൾ<br>എഴുത്ത്<br>വായന<br>നിരന്തരവിലയിരുത്തൽ<br>ക്രോഡീകരിക്കൽ<br>ഗ്രൂപ്പ്തിരിച്ച്<br>മാറ്റിക്കൊടുക്കൽ<br>പദസമൂഹം നിർമ്മിക്കൽ<br>വായിക്കൽ<br>സഹായിക്കൽ – ടീച്ചർ<br>മെച്ചപ്പെടുത്തൽ<br>നിരന്തരമൂല്യ നിർണ്ണയം<br>മെച്ചപ്പെടുത്തി എഴുത്ത്<br>ക്രോഡീകരണം<br>വായന വിലയിരുത്തൽ | VII | ജൂൺ മുതൽ ഫെബ്രു വരി |

## ലക്ഷ്യം

മുഴുവൻ വിദ്യാർത്ഥികളെയും വായനയിൽ താല്പര്യമുള്ളവ രാക്കി മാറ്റുന്നതിന്

| പ്രവർത്തനങ്ങൾ | |
|---|---|
| I Term | 1. VII-ാം ക്ലാസ്സിലെ കുട്ടികളെ പ്രീ-ടെസ്റ്റ് നടത്തി നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പാക്കുന്നു. ചോദ്യങ്ങൾ 5 വാക്കുകൾ<br><br>2. രണ്ടു വാക്യങ്ങൾ ചോദ്യരൂപത്തിൽ നൽകുന്നു.<br>ഓരോ ഗ്രൂപ്പിനും അനുയോജ്യമായ പാഠസാമഗ്രികൾ നല്കുന്നു.<br><br>3. പഠനസാമഗ്രികൾ<br>1. ചാർട്ട് പേപ്പറിൽ എഴുതിയ അക്ഷരക്കാർഡ് നല്കുന്നു. ഇതിൽ നിന്നും<br><br>2. എഴുത്തും വായനയും ടീച്ചർ<br>ഇടപെടലുകൾ നടത്തുന്നു. മെച്ചപ്പെടലുകൾ നടത്തുന്നു.<br><br>3. ചിഹ്നം ചേർക്കൽ ടീച്ചർ<br>ൊ, േ, ാ, ൗ, ം<br><br>ഉദാഹരണം: വാക്കുകൾ എഴുത്ത്<br>കൊടി, കോടി, ഔട്ട്, etc.<br><br>വായന, എഴുത്ത്, തുടർച്ചയായി ചെയ്യുന്നു. വാക്യങ്ങൾ പൂർത്തിയാക്കുന്നു. നിരന്തരവിലയിരുത്തൽ നടത്തുന്നു. |

## II ഘട്ടം

## പ്രവർത്തനങ്ങൾ

1. വായനമൂല സജ്ജീകരിക്കൽ
   [നിലവാരം അനുസരിച്ച് ക്രമീകരിക്കുന്നു]
2. ചിത്രം കാണിച്ച് – കഥപറയിക്കുന്നു.
3. കഥ എഴുതുന്നു.
4. കഥയുടെ ബാക്കിഭാഗം പൂരിപ്പിക്കുന്നു.
5. ICT, CD
6. നിലവാരം അനുസരിച്ച് ഓരോഗ്രൂപ്പിനും അനുയോജ്യമായ വായന സാമഗ്രികൾ ലഭ്യമാക്കുന്നു.
   Ex: പത്രം, ചിത്രകഥ, കുട്ടിക്കഥകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ etc.

വിലയിരുത്തലുകൾ പല രീതിയിൽ നടത്തുന്നു.

Ex: എഴുത്ത്, വായന, പൂരിപ്പിക്കൽ, ചിഹ്നം ചേർക്കൽ etc.

തുടർ പ്രവർത്തനങ്ങൾ

# അക്ഷരച്ചേർച്ച

തന്നിട്ടുള്ള അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച്
പദങ്ങൾ തയ്യാറാക്കാം

| | | | | | | | |
|---|---|---|---|---|---|---|---|
| മ | ഴ | ല | ക | ള | റ്റ | ട്ട | ഇ |
| ാ | ി | ീ | ു | ൂ | െ | േ | ൈ |
| ൈ | ൊ | ോ | ൗ | ം | – | – | – |

# III ടേം (ഗ്രൂപ്പ് )3

| A + 1 | A2 | B3 |
|---|---|---|
| മെച്ചപ്പെട്ടവർ | അല്പം കൂടി മെച്ചപ്പെട്ടവർ | ടീച്ചറിന്റെ സഹായം ഇനിയും വേണ്ടവർ |
| ➢ വായനമൂല രൂപീകരിക്കും | വായിച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | പ്രത്യേക പരിഗണന അർഹിക്കുന്നവർ |
| ➢ ലൈബ്രറി നവീകരിക്കും (അനുയോജ്യമായ രീതിയിൽ) | പരസ്പരം പങ്കുവയ്ക്കുന്നു. മെച്ചപ്പെടലുകൾ നടത്തുന്നു. | അമ്മ വായന വായനക്കൂട്ടം |
| ➢ സമീപ ഗ്രന്ഥശാലയിൽ അംഗത്വം ഉറപ്പാക്കുന്നു. | തുടർന്ന് സൃഷ്ടികൾ രൂപപ്പെടുത്തുന്നു. ആസ്വാദനക്കുറിപ്പ്. | ലൈബ്രറി പുസ്തകം ക്ലാസ്സ് വായനക്കൂട്ടം വായിച്ച് ആസ്വാദനം |
| ➢ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | കവിതാരചന | കുറിപ്പ് ടീച്ചറുടെ സഹായത്തോടെ എഴുതുന്നു. മെച്ചപ്പെടുന്നു. ഫെബ്രുവരി അവസാനത്തോടെ മുഴുവൻ കുട്ടികളെയും വായിക്കാൻ കഴിവുള്ളവരാക്കി മാറ്റുന്നു. |
| ➢ പത്രവാർത്ത തയ്യാറാക്കൽ | കഥ, വായനാമത്സരം, നാടകം etc. | |
| ➢ വിദ്യാരംഗം കലാസാഹിത്യവേദി അംഗത്വം | | |
| ➢ ദിനാചരണങ്ങൾ പ്രത്യേകം എഴുതി തയ്യാറാക്കി ാസംബ്ലിയിൽ അവതരിപ്പിക്കുന്നു. കവിത, കഥ, നാടകം, പ്രസംഗം എഴുതുന്നു. | | |
| ഫെബ്രുവരി അവസാനവാരം മികവുകൾ വിലയിരുത്തി അഭിനന്ദിക്കുന്നു. ഉപഹാരങ്ങൾ നല്കുന്നു. | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സംസ്കൃതം

## എസ്.ആർ.എസ്.യു.പി.എസ്. പള്ളിച്ചൽ

### ആമുഖം

ഭാരതീയരുടെ അഭിമാനമാണ് സംസ്കൃതഭാഷ. ഭാരതത്തിന്റെ സംസ്ക്കാരം ഉൾക്കൊള്ളണമെങ്കിൽ സംസ്കൃതം പഠിച്ചേതീരൂ. സാമാന്യ മായി ഒരു ഭാഷയിലുണ്ടായിരിക്കേണ്ട എല്ലാ ലക്ഷണങ്ങളും സവിശേഷ കതകളും സമഞ്ജസമായി സമ്മേളിച്ചിട്ടുള്ള പ്രൗഢ ഭാഷയാണ് സ്സ്കൃ തം. സംസ്കൃതഭാഷ സരളവും ലളിതവുമാണെങ്കിലും നമ്മുടെ വിദ്യാ ലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ആദ്യം കേൾക്കുമ്പോൾ പ്രയാസമായി തോന്നുന്നു. അതിനുകാരണം പാഠനരീതികളാണ്. തുടക്കത്തിൽതന്നെ വ്യാകരണത്തിന്റെ അതിപ്രസരം വിദ്യാർത്ഥികൾക്ക് പ്രയാസമായി തോന്നാം. അതുകൊണ്ട്തന്നെ നമ്മുടെ കുട്ടികൾക്ക് സംസ്കൃതം സരളവും ലളിതവും ആകർഷകവുമാക്കത്തരീതിയിലുള്ള ചില പ്രവർ ത്തനങ്ങളാണ് 'സരള സംസ്കൃതം' എന്ന രീതിയിൽ ഇതിൽ ഉൾക്കൊ ള്ളിച്ചിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

- സംസ്കൃത ഭാഷാ പഠനം ലളിതവും ശിശുകേന്ദ്രീകൃതവുമാക്കുക.
- നിർദ്ദിഷ്ട ഭാഷാശേഷികൾ നേടാൻ പ്രാപ്തരാക്കുക.
- സംസ്കൃതത്തിൽ സംഭാഷണം നടത്താൻ പ്രാപ്തരാക്കുക.
- രക്ഷിതാക്കളിൽ സംസ്കൃത ഭാഷയോടുള്ള ആഭിമുഖ്യം വളർത്തുക.
- സവിശേഷകഴിവുകളുള്ള കുട്ടികൾക്കായി പ്രതിഭാപോഷണ പരിപാടികൾ
- വിഭിന്നനിലവാരത്തിലുള്ള കുട്ടികൾക്ക് ഭാഷയെ വിരൽത്തുമ്പിൽ എത്തിക്കൽ.
- എന്റെ വിദ്യാലയത്തിലെ സംസ്കൃത പ്രവർത്തനങ്ങൾ പ്രാദേശിക മികവിന്റെ ഭാഗമായി മാറണം എന്ന ലക്ഷ്യം.

| Sl. No | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാല യളവ് | ചുമതല | സാമ്പത്തിക / ഭൗതികം |
|---|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണശുദ്ധി യോടുള്ള വായന | അക്ഷര പാദവാക്യ കാർഡുകൾ വായന യ്ക്ക് നല്കുന്നു.<br>➢ പാഠഭാഗ വായന<br>➢ ലൈബ്രറി പുസ്തക ശേഖരണം | Std.V | June to September തുടർ പ്രവർത്തനം | Sanskrit Teacher | |
| 2 | സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് അർത്ഥ പൂർണ്ണമായ പദങ്ങൾ വാക്യങ്ങൾ എന്നിവ എഴുതുക | ➢ പ്രാക് ലേഖന പ്രവർത്തനങ്ങൾ<br>➢ അക്ഷരപദകാർഡുകളുടെ നിർമ്മാണം.<br>➢ മാതൃകനോക്കി എഴുത്ത്.<br>➢ കേട്ടെഴുത്ത്<br>➢ വരികൾകൂട്ടി ച്ചേർക്കൽ<br>➢ പോർട്ട്പോളിയോ<br>➢ സസ്കൃത ഡിക്ഷ്ണറി നിർമ്മാണം.<br>➢ ഏകംപദം-ഏകം ദിനം. | Std.V & VI | September to തുടർ പ്രവർത്തനം | Sanskrit Teacher (Help Students) | |
| 3 | സംസ്കൃതഭാഷയെ ജനകീയവത്കരിക്കാൻ രക്ഷിതാക്കൾക്കും ഭാഷയോട് മികച്ച സമീപനം ഉണ്ടാക്കൽ | ➢ സംസ്കൃതക്ലബ്ബ്<br>➢ നിത്യോപയോഗ ഭാഷയിൽ സംസ്കൃത പദങ്ങളെ തിരിച്ചറിയൽ.<br>➢ സംസ്കൃത പ്രദർദിനി<br>➢ പ്രശ്നോത്തരി | Std.V & VII | ജൂലൈ മുതൽ | Sanskrit Teacher & Language Teachers | |

| Sl. No | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തിക / ഭൗതികം |
|---|---|---|---|---|---|---|
| 4 | പഠനം ലളിതം രസകരം കളികളിലൂടെ സംസ്കൃത പഠനം | ➢ സംസ്കൃത സംഭാഷണ സാമർത്ഥ്യം നേടാനുതകുന്ന രീതിയിൽ ഓരോ ക്രീഡയും സജ്ജമാക്കുക. | Std.V & VII | മാസത്തിൽ ഒരു പ്രാവശ്യം | | |
| 5 | ഭാഷയുടെ സാഹിത്യപരമായ കഴിവുകളുടെ പരിപോഷണം | ➢ സംസ്കൃതോത്സവ മത്സര ഇനങ്ങൾക്ക് പരിശീലനം.<br>➢ രചനാപരിശീലനം<br>➢ സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്കുള്ള യാത്രകൾ | Std.V & VII | | | |
| 6 | സംസ്കൃതഭാഷാ പഠനസാധ്യതകൾ നിത്യജീവിതത്തിലേയ്ക്ക് | ➢ നിത്യോപയോഗത്തിലെ സംസ്കൃതം തിരിച്ചറിയൽ<br>➢ ജൈവവൈവിധ്യ ഉദ്യാനത്തിൽ സംസ്കൃത നാമകരണം. | Std. VII | | Sanskrit Teacher & Students | |
| 7 | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിൽ സംസ്കൃത ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക. | ➢ ഗുണപാഠ കഥകൾ (ICT)<br>➢ സുഭാഷിത പഠനം<br>➢ അസംബ്ലിയിൽ ഒരു സുഭാഷതം<br>➢ വീഡിയോ പ്രദർശനം<br>➢ പഠന യാത്ര | Std.V & VII | | | |

## 1. വായന

നാം നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ധാരാളം പദങ്ങൾ എഴുതിയ കാർഡുകൾ സംസ്കൃതത്തിൽ അവയുടെ പേര് കൂടെ എഴുതിയശേഷം പ്രദർശിപ്പിച്ച് വായിപ്പിക്കുന്നു.

eg: ഈശ്വരൻ -- ഈശ്വരഃ

ജീവൻ -- ജീവഃ

ജനങ്ങൾ -- ജനാഃ

- ക്രിയാപദകാർഡുകൾ
- ചിത്രങ്ങൾ പ്രദർശിപ്പിച്ച് പേര് പറയുന്നു.
- പാഠഭാഗം വായിപ്പിക്കുന്നു.
- ഓരോ ക്ലാസ്സിലും സംസ്കൃത വായനമൂല സജ്ജീകരിച്ച് കൂടുതൽ അവസരങ്ങൾ വായനയ്ക്ക് നല്കുന്നു.
- വായന മത്സരം നടത്തി മികച്ച വായനക്കാരെ കണ്ടെത്തുന്നു.

## 2. ലേഖനം

- അക്ഷരകാർഡുകൾ നല്കി വാക്കുകൾ ഉണ്ടാക്കി എഴുതിപ്പിക്കുന്നു.
- മാതൃക നല്കിയശേഷം തുടർന്ന് എഴുതിക്കുന്നു.
- കൂടുതൽ വരികൾ എഴുതാൻ ആവശ്യപ്പെടുന്നു.
- അധ്യാപിക പറയുന്ന വാക്കുകൾ എഴുതിക്കുന്നു.
- ചിത്രങ്ങൾ പ്രദർശിപ്പിച്ച് വാക്കുകൾ എഴുതിക്കുന്നു.
- ഓരോ ദിവസവും പുതിയതായി ലഭിക്കുന്ന പദങ്ങൾ ഉപയോഗിച്ച് ഡിക്ഷനറി തയ്യാറാക്കുന്നു.
- ഏകം പദം ഏകംദിനം തുടർപ്രവർത്തനം

## 3. സംസ്കൃതഭാഷയെ ജനകീയവത്കരിയ്ക്കൽ

- ജൂലൈ മാസം തന്നെ സംസ്കൃത ക്ലബ്ബ് രൂപീകരിച്ചശേഷം ഓരോ ക്ലബ്ബിലും വിവിധ പ്രവർത്തനങ്ങൾ.
- നിത്യോപയോഗ ഭാഷയിൽ സംസ്കൃത പദങ്ങളെ തിരിച്ചറിയുന്നു.
- സംസ്കൃതദിനാചരണത്തിന്റെ ഭാഗമായി സംസ്കൃത പ്രദർശിനി സംഘടിപ്പിക്കുന്നു.
- സംസ്കൃത പ്രശ്നോത്തരി, സംസ്കൃതദിന ബാഡ്ജ് നിർമ്മാണം എന്നിവ നടത്തുന്നു.
- സെമിനാറുകൾ
- രക്ഷിതാക്കളെ ഉൾപ്പെടുത്തി സംഭാഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- പഠനയാത്രകൾക്ക് അവസരമൊരുക്കുന്നു.
- ആഴ്ചയിൽ ഒരു ദിവസം സംസ്കൃത അസംബ്ളി നടത്തുന്നു.

## 4. കളികളിലൂടെ സംസ്കൃത പഠനം

സംസ്കൃത സംഭാഷണ സാമർത്ഥ്യം നേടാനുതകുന്ന രീതിയിൽ സംഖ്യാക്രീഡപോലുള്ള വിവിധ കളികൾ സജ്ജമാക്കുന്നു.

പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുന്ന വിവധ ക്രീഡകൾ ആസൂത്രണം ചെയ്യുന്നു.

eg: ഏകം, ദ്വേ, ത്രീണി.

ഫലം, പുഷ്പം, ശാകം

## 5. ഭാഷയുടെ സാഹിത്യപരമായ കഴിവുകളുടെ പരിപോഷണം

സംസ്കൃതോത്സവത്തോടനുബന്ധിച്ച് മത്സരഇനങ്ങൾക്കായി പ്രത്യേക പരിശീലനം നൽകൽ.

രചനാ പരിശീലനം.

സംസ്കൃത സ്കോളർഷിപ്പുപോലുള്ള പരീക്ഷകൾക്കായി വി ദ്യാർത്ഥികളെ സജ്ജമാക്കുന്നു.

ശില്പശാലകളിലും സെമിനാറുകളിലും പങ്കെടുപ്പിക്കുന്നു.

വാർത്തകൾ ശേഖരിച്ച് വായിക്കാനാവസരം നല്കുന്നു.

# ENGLISH

| Sl. No. | Aim | Activity | Class | Duration |
|---|---|---|---|---|
| 1 | 1, 2, 3 | Let's enjoy (Language Game) | 5 – 7 | June to September |
| 2 | 1, 5 9 | Story Time | 5 – 7 | October to December |
| 3 | 2, 3, 5 | Profile | 5 – 7 | January to March |
| 4 | 1, 2, 4 | English Assembly | 5 – 7 | June to March |
| 5 | 1, 2, 4 | Public Speaking | 5 – 7 | Extra Time |

## I. <u>Let's Enjoy</u>

**<u>Game I (Std. V)</u>**

**<u>Formation of words</u>**

- Forming groups (5 members in each group)
- Issuing Letter Cards
- Giving chance to make words using the cards

eg:- [A] [N] [T] - ANT

(Give chance to 'CWSN' students also)

**Game 2 (Word Game)**

- Issuing column chart carrying letters in the groups.
- Find out the animals / flowers / birds from chart.

eg:-

| | | | |
|---|---|---|---|
| F | U | C | T |
| P | O | A | R |
| W | Y | I | S |
| L | K | E | X |

Cow

**Std. VI**

**Game 1 (Word Chain)**

- Give a word individually.
- Write a new word from the last letter of the first word and prepare word chain

eg:- Father - rate - elephant.........etc.

**Game 2 (Formation of sentences)**

- **Formation of groups**
- **Issuing word cards**
- **Give chance to make sentences using words.**

eg:- She | is | a | girl → She is a girls.

**Std. VII**

**Game 1 (Words from a word)**

- Give a word individually.
- Make maximum new words from the given word.

eg:- Teacher → Teach, her, each, arch, tea etc.

## Game 2 (Formation of reading cards)

- Formation of groups.
- Issuing of different sentences
- Give chance to select sentences related to a particular topic

eg:- 1. | Ravi is sitting near a pond |

2. | It has two small eyes |

3. | Fragrance of the flower is spread around |

4. | It is a beautiful garden |

5. | Biggest animal |

6. | Many flower are there |

7. | It's colour is black |

(Shuffling the cards, give chance to select suitable sentences and make it as a reading card)

eg:-

| Biggest animal<br>It's colour is black<br>t has two small eyes |
|---|

These activities are conducting in every Wednesday
1.30 to 2 PM (June – September)

## II. Story Time

**Familiarising English Stories**

Give suitable story books for Std. V, VI and VII students. The stories are:-

The ugly duckling

Beauty of the Beast

The Emperor's New Clothes

The Merchant of Venice etc.

Conducting this activity at 1.30 to 2 PM in every Wednesday. (October to December)

## III. Profile

Using the hints and preparing profiles of great personalities. Give the hints of the Life History of Prof. O.N.V.Kurup, Dr. K.J. Yesudas, Sri. A.R.Rahman, political leaders like Mahatma Gandhi, Jawaharladl Nehru etc.

(Time – 1.30 to 2 PM – January to March).

## IV. English Assembly

Conducting English Assembly in every Wednesday through out the year. (Prayer, News Paper reading, Daily Quiz, Pledge, 'Know about' etc.)

## V. Public Speaking

Giving opportunity to listen the speeches of famous persons.

eg:- Indira Gandhi, Nehru and other scholars

(This activity is conducting in extra times)

## Conclusion

We have great intention to develop the vocabulary skill in English. More over facing English language fearlessly and confidently.

We are expecting that this project will be very effective for the learners to develop their skills in English Language.

***

# ACADEMIC MASTERPLAN

# HINDI

# 2025-26

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ  സ്കൂൾ  തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുക |

| | | | | | |
|---|---|---|---|---|---|
| | | | | | ൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസര ശുചിത്വം , ഹരിത ക്യാമ്പസ് ,സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6 ,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6 ,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു . |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി | സെപ്റ്റംബർ14 | 5,6 ,7 | ഹിന്ദി | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | പത്രിക തയ്യാറാക്കുക. | | | അധ്യാപകർ | ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ ,ഹിന്ദി ക്ലബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ചു അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു |
| 10 | വിശ്വഹിന്ദിദിനം, പോസ്റ്റർ | ജനുവരി | 5,6 | ഹിന്ദി | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | നിർമാണം, പ്രസംഗം | 10 | ,7 | അധ്യാപകർ, ഹിന്ദി ക്ലബ് | ഭാഷയിൽ വാക് ചാതുരി ലഭിക്കുന്നു |
| | | | | | |
| 11 | ഹിന്ദി നാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | ഭാഷാ ജ്ഞാനം വർധിപ്പിക്കാൻ സാധിക്കുന്നു |

# S.R.S.U.P.S പള്ളിച്ചൽ

## ശാസ്ത്രപഠനം

<u>ശാസ്ത്രപഠന മികവിനായി ജൂൺമാസം മുതൽ മാർച്ച് മാസം വരെ നടത്തുന്ന പ്രവർത്തനങ്ങൾ.</u>

## ആമുഖം

ശാസ്ത്രപഠനം പ്രക്രിയാധിഷ്ഠിതമായിരിക്കണം. ശാസ്ത്ര പഠനത്തിൽ ശാസ്ത്രത്തിന്റെ രീതി പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ ഈ ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ. പ്രശ്ന പരിഹാരത്തിന് അനുയോജ്യമായ വിവരങ്ങൾ ശേഖരിക്കുക, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുക, നിഗമനത്തിൽ എത്തിച്ചേരുക, നിഗമനം പരിശോധിച്ച്, പുതിയ സാഹചര്യത്തിൽ പ്രയോഗിക്കുക. ഈ പ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ നടക്കണം. കൃത്യതയോടും, സൂക്ഷ്മതയോടുമുള്ള ആസൂത്രണം ഇതിനാവശ്യമാണ്.

കൂടാതെ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും ഉപകരണ നിർമ്മാണം, കൈകാര്യം ചെയ്യൽ, പ്രകൃതി നിരീക്ഷണം എന്നീ ധാരാളം അവസരങ്ങൾ ശാസ്ത്രപഠനത്തിന്റെ ഭാഗമായി ലഭിക്കണം. ചുറ്റുപാടിൽ നിന്നും ലഭിക്കുന്ന വസ്തുക്കളുടെ പരമാവധി ഉപയോഗം

ലക്ഷ്യമാക്കണം. അഭിരുചിയോടെയും, താല്പര്യത്തോടെയും ഓരോ കുട്ടിയും ശാസ്ത്രത്തെ സമീപിക്കണം.

ശാസ്ത്രപഠനത്തിന് വിശാലമായ ലക്ഷ്യങ്ങളുണ്ട് ശാസ്ത്രാഭിരുചി വളർത്തുന്നതിനും, ശാസ്ത്രാവബോധം വളർത്തി, നിത്യ ജീവിതത്തിൽ പ്രയോഗിക്കുന്നതരത്തിൽ പ്രക്രിയകളും, മൂല്യങ്ങളും, ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ശാസ്ത്രപഠനാസൂത്രണം നടത്തണം. മനോഭാവ മേഖലപോലെ തന്നെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ പ്രയോഗ തലത്തിൽ നോക്കുമ്പോൾ എത്ര പ്രസ്ക്തി ഉള്ളതാണെങ്കിലും ശാസ്ത്ര സംബന്ധമായ വിവരങ്ങൾ ജീവിതഗന്ധിയും, ജീവിതബന്ധിയും ആയില്ലെങ്കിൽ കുട്ടിയെ സംബന്ധിച്ച് അവ അപ്രസക്തമായ അനുഭവമായേ അനുഭവപ്പെടാറുള്ളു...അതിനാൽ ലക്ഷ്യബോധത്തോടെയുള്ള പ്രയോഗ മേഖലയുടെ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് പ്രവർത്തനാസൂത്രണങ്ങൾ ശാസ്ത്രപഠനത്തിന് അനിവാര്യമാണ്. സ്കൂളുകളിൽ ശാസ്ത്രത്തെ മറ്റ് വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രക്രിയാധിഷ്ഠിതമാക്കുക.

## ശാസ്ത്ര പഠന ലക്ഷ്യങ്ങൾ

1. കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക.
2. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
3. നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.
4. ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക.
5. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
6. പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക.
7. പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
8. സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കുക.
9. സുസ്ഥിര വികസനം എന്ന ആശയം വ്യാപിപ്പിക്കുക.
10. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക.
11. വ്യക്തി ശുചിത്വവും, സാമൂഹിക ശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക – മാനസിക – സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക.
12. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക.
13. ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
14. ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക.
15. ശാസ്ത്രത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | കാലയളവ് |
|---|---|---|---|---|
| 1 | ദിനാചരണങ്ങളുടെ പ്രാധാന്യം, സംഘടനാ ശേഷി, ശാസ്ത്രാഭിരുചിഎന്നിവ നേടുന്നതിന് | പരിസ്ഥിതി ദിനം ഓസോൺ ദിനം ബഹിരാകാശ വാരം | 5, 6, 7 | അതാത് മാസങ്ങളിലെദിനാചരണവുമായി ബന്ധപ്പെട്ട ആഴ്ച |
| 2 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക, പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക | ജൈവ-വൈവിധ്യ പാർക്ക് നിർമ്മാണം,ജൈവ പച്ചക്കറി തോട്ടം നിർമ്മാണം | 5 , 6,7 | ജൂൺ മാസം മുതൽ ഫെബ്രുവരി വരെ |
| 3 | ജലം അമൂല്യമാണ് (മൂല്യം – മനോഭാവം) എന്ന് തിരിച്ചറിവ് നേടുക. | മഴവെള്ള സംഭരണം | 5, 6, 7 | ജൂൺ മുതൽ ആരംഭിക്കുന്നു. |
| 4 | ശാസ്ത്രത്തെ നേരിട്ടറിയുന്നതിനും താല്പര്യത്തോടെയും, അഭിരുചിയോടെയും ശാസ്ത്ര പഠനം സാധ്യമാക്കുക. | പുറം വാതിൽ പഠനം | 5, 6, 7 | Sept. October November |
| 5 | ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക. | സെമിനാറുകൾ പ്രോജക്ടുകൾ ബോധവത്ക്കരണ ക്ലാസ്സുകൾ അഭിമുഖങ്ങൾ | 5, 6, 7 | 1st Term 2nd Term 3rd Term |

# Std. VI

## പ്രോജക്ട് – ആഹാരം ആരോഗ്യത്തിന്

വിഷയവുമായി ബന്ധപ്പെട്ട് ക്ലാസ്സ്തലത്തിൽ പ്രോജക്ട് തയ്യാറാക്കുന്നു. വിവരശേഖരണത്തിനും അനുബന്ധ പ്രവർത്തനത്തിനും ടീച്ചർ നേതൃത്വം നൽകുന്നു.

<u>പ്രോജക്ടിന്റെ ഘട്ടങ്ങൾ</u>

- തലക്കെട്ട്
- സാക്ഷ്യപത്രം
- ഉള്ളടക്കം
- ആമുഖം
- ഉദ്ദേശ്യലക്ഷ്യങ്ങൾ
- പഠന രീതി
- വിവരശേഖരണം
- പഠനഫലം
- അപഗ്രഥനം
- നിഗമനം
- അവലംബം
- നന്ദിപൂർവ്വം

പ്രോജക്ട് അവതരണം

പ്രോജക്ട് റിപ്പോർട്ട് ശേഖരണം

പ്രോജക്ട് റിപ്പോർട്ട് പ്രദർശനം

ശാസ്ത്രമൂലയിൽ സൂക്ഷിക്കൽ

2. Keeping Diseases at Bay - രോഗങ്ങളെ അകറ്റിനിർത്താം - സെമിനാർ യൂണിറ്റുമായി സബന്ധപ്പെട്ട ക്ലാസ്സ്റും പ്രവർത്തനങ്ങൾ കഴിഞ്ഞ് നോട്ട്ബുക്കിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെമിനാർ അവതരിപ്പിക്കുന്നു.

**പ്രോജക്ട് – Std. VII**

**മാലിന്യമുക്ത – വിദ്യാലയം**

വ്യക്തി ശുചിത്വം, ആരോഗ്യം, ക്ലാസ്സ്തലം, സ്കൂൾതല ശുചിത്വം എന്നിവയെ ആസ്പദമാക്കി പ്രോജക്റ്റുകൾ ചെയ്യുന്നു.

# S.R.S.U.P.S

## PALLICHAL

# താളിയോല
## (സാമൂഹ്യശാസ്ത്രം)

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിക്കുക.
- ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക.
- മതേതരത്വ മനോഭാവം വളർത്തുക.
- ഭൂപടനിരീക്ഷണം, ഭൂപടവിശകലനം എന്നിവയിൽ താല്പര്യം വർദ്ധിപ്പിക്കുക.
- കുട്ടികളിൽ സർഗാത്മകവും ക്രിയാത്മകവുമായ ചിന്തയും അന്വേഷണവും വളർത്തുക.
- നമ്മുടെ സംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദര പൂർവമായ മനോഭാവം സൃഷ്ടിക്കുക.
- പൗരധർമ്മം പാലിക്കാനുള്ള മനോഭാവം വളർത്തുക.
- പ്രകൃതിവിഭവ സംരക്ഷണവും പരിസരശുചിത്വവും കുട്ടികളിൽ വളർത്തുക.
- സംഘബോധം, നേതൃത്വ പാടവം എന്നിവ വികസിപ്പിക്കുക.
- വിവരസാങ്കേതിക വിദ്യയുടെ ഗുണങ്ങളും, ദോഷങ്ങളും ബോധ്യപ്പെടുത്തുക.

| Sl. No | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാല യളവ് |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര വുമായി ബന്ധ പ്പെട്ട പിന്നാക്കാ വസ്ഥ കണ്ടെത്തു ക പരിഹരിക്കുക. | അറിവിന്റെ നേർക്കാ ഴ്ച പ്രീ-ടെസ്റ്റ് മൂല്യ നിർമ്മണയം | V, VI, VII | ജൂൺ 2 days |
| | | പരിഹാരബോധനം | V, VI, VII | 3 Months |
| 2 | കുട്ടികളിൽ ജനാ ധിപത്യ ജീവിത സമീപനം, ചരി ത്രാ ബോധനം എന്നിവ രൂപപ്പെ ടുത്തുക | മഹാത്മാഗാന്ധി ക്ലബ്ബ് രൂപീകരണം, ബുള്ളറ്റിൻ ബോർഡ് വാർഷിക കലണ്ടർ ദിനാചരണ കലണ്ടർ സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരണം | V, VI, VII | 2 Days |
| | | സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരണം | V, VI, VII | 3 Months |
| | നമ്മുടെ സാംസ്കാ രിക പൈതൃക ത്തോടും ആദര പൂർവമായ മനോ ഭാവം സൃഷ്ടിക്കു ക. | ദിനാചരണം സംഘടിപ്പിക്കൽ ലോക പരിസ്ഥിതിദിനം Std.V പോസ്റ്റർ നിർമ്മാണം. വനസംരക്ഷണം | V | 2 days |
| | | Std.VI ചുവർ പത്രിക പരിസ്ഥിതി സംരക്ഷണം Std. VII പ്രസംഗം | V | 2 days |
| | | വായിക്കാം ലോക ത്തെ അറിയാം | | |
| | | Std. V ആൽബം നിർമ്മാണം ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ..... സാമൂഹിക പരിഷ്കർ ത്താക്കൾ | V | ഷീബ |

| Sl. No | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാല യളവ് |
|---|---|---|---|---|
| | | Std. VI :<br>മഹദ് വചനങ്ങൾ<br>(ശേഖരണം) | VI | 2 ആഴ്ച |
| | | Std. VII<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക<br>ശ്രീ നാരായണ ഗുരു.<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസ്സ് ലൈബ്രറിയിൽ സജ്ജീകരിക്കുന്നു.<br>ITC സാധ്യത | VII | |
| | | ലോകജനസംഖ്യദിനം സർവേ<br>ഇന്ത്യയിൽ നടപ്പാക്കി വരുന്ന പ്രധാന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെയും പരിപാടികളും പ്രയോജനം സ്വന്തം പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ?<br>(സ്കൂളിലെ കുട്ടികളുടെ വീടുകൾ) | V,<br>VI<br>VII | 1 മാസം |
| | | ഹിരോഷിമ ദിനം<br>നാഗസാക്കി ദിനം | V,<br>VI<br>VII | 1 ആഴ്ച |
| | | കുറിപ്പ് തയ്യാറാക്കൽ | | |
| | | ക്വിറ്റ് ഇന്ത്യാ ദിനം<br>പത്രം<br>ITC സാധ്യത | V<br>VI<br>VII | 1 മാസം |

| Sl. No | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാല യളവ് |
|---|---|---|---|---|
| | | സ്വാതന്ത്ര്യദിനം<br>Std.V പതാക നിർമ്മാണം.<br>Std.VI ദേശഭക്തി ഗാന ങ്ങൾ (ശേഖരണം)<br>Std.VII. പതിപ്പ് നിർമ്മാണം | V, VI VII | 7 days |
| | | പ്രശ്നോത്തരി<br>പ്രസംഗമത്സരം<br>സ്വാതന്ത്ര്യസമര സേനാനി കളുടെ ഫോട്ടോ പ്രദർശ നം, അനുസ്മരണം | V, VI VII | 1 മാസം |
| | | ഓണാഘോഷം<br>ഓണപ്പതിപ്പ് | V, VI VII | 1 മാസം |
| | | അധ്യാപക ദിനം<br>ഗുരുവന്ദനം<br>അധ്യാപകരെ ആദരിക്കൽ<br>പ്രോജക്ട്:<br>നാട്ടിലെ ശുദ്ധജനസ്രോത സ്സുകൾ മലിനമാണോ? | V, VI VII | 1 day |
| | | ഗാന്ധിജയന്തി<br>ചിത്രരചന<br>ഗാന്ധിസൂക്തം (ശേഖരണം), ജീവചരിത്രം<br>ഫീൽഡ്ട്രിപ്പ് (കൈത്തറി യൂണിറ്റ് സന്ദർശനം) | V, VI VII | 1 മാസം |
| | | ക്വിസ്<br>പ്രസംഗമത്സരം<br>ശുചീകരണ പ്രവർത്തനങ്ങൾ<br>സിനിമാ പ്രദർശനം<br>കേരളീയം<br>കേരളപ്പിറവി ദിനം<br>പോസ്റ്റർ, ആൽബ നിർമ്മാണം,<br>ഉപന്യാസം<br>കേരളം അന്നും ഇന്നും | V, VI VII | 1 മാസം |

| Sl. No | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാല യളവ് |
| --- | --- | --- | --- | --- |
| | | ശിശുദിനം<br>ഇൻലന്റ് മാസിക<br>തയ്യാറാക്കൽ | V,<br>VI<br>VII | നവംബർ<br>7 days |
| | | ക്രിസ്തുമസ് പതിപ്പ് | V,<br>VI<br>VII | ഡിസംബർ<br>നവംബർ |
| | | നവത്സരദിനം<br>കലണ്ടറിന്റെ ചരിത്രം<br>ചുവർ പത്രിക<br>റിപ്പബ്ളിക് ദിനം<br>സെമിനാർ<br>വിഷയം: നമ്മുടെ<br>ഭരണഘടന<br>ITC സാധ്യത | VII | 7 day |
| | | ഗാന്ധിജിയുടെ രക്ത<br>സാക്ഷിത്വം<br>സർവമത പ്രാർത്ഥന | V,<br>VI<br>VII | 1 day |
| | | സാമൂഹ്യ ശാസ്ത്രമേള<br>അഭിമുഖം: അഭിഭാഷകനു<br>മായി ക്ലാസ്സ് തല ഉൽപ്പന്ന<br>ങ്ങൾ മോഡലുകൾ, പതി<br>പ്പുകൾ, ഇൻലന്റ് മാസിക<br>കൾ, ചുവർ പത്രിക, അറ്റ്<br>ലസ്, നാണയങ്ങൾ, സ്റ്റാ<br>മ്പുകൾ പഴയകാല ഉപക<br>രണങ്ങൾ, ITC സാധ്യത | V,<br>VI<br>VII | |
| 3 | | വളരുന്ന ഭൂപടം<br>അറ്റ്ലസ് നിർമ്മാണം | V,<br>VI<br>VII | 1 വർഷം |

# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതവുമായി ബന്ധപ്പെട്ട പിന്നാക്കാവസ്ഥ പരിഹരിക്കൽ
- ഗണിതപഠനത്തിൽ കുട്ടികൾക്ക് താല്പര്യം വളർത്തുന്നു. ഗണിതത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തൽ, ഗണിതം ആസ്വദിക്കാനുള്ള കഴിവ് വളർത്തുന്നു.
- ഒറിഗാമിഗണിതത്തിൽ – രസകരമായ ഗണിതശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസവും
- ഗണിത മാഗസിൻ
- ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഗണിതലാബ്
- ICT പഠനം ഗണിതത്തിൽ
- ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക.
- ചിന്താശക്തി ഉയർത്തുന്ന ഗണിതചോദ്യങ്ങൾ
- ഗണിത ബാലസഭ – ഗണിതം ആസ്വാദ്യകരമാക്കുക. അഭിരുചി വളർത്തുക.
- ഗണിതോത്സവം.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഗതിതശാസ്ത്ര ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക. | അടിസ്ഥാന ആശയങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക<br>പ്രീടെസ്റ്റ്<br>• റിസൾട്ട് രേഖപ്പെടുത്തുന്നു.<br>• കുട്ടികളെ കണ്ടെത്തുന്നു.<br>• SRG-ൽ അവതരിപ്പിക്കുന്നു.<br>• സംഖ്യാബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ മുൻ ക്ലാസ്സിൽ നേടേണ്ട പഠനേട്ടങ്ങൾ കണക്കിലെടുത്ത് അതിനാവശ്യമായ പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | V<br>VI<br>VII | ജൂൺ | V<br>VI<br>VII<br>ക്ലാസ്സിൽ പഠിപ്പിക്കുന്ന ഗണിത അദ്ധ്യാപകർ | |
| 2 | ഗണിതം ആസ്വദിക്കാനുള്ള കഴിവ് വളർത്തുന്നു. | ഗണിത<br>പസിലുകൾ,<br>ഗണിത ആശയങ്ങളുമായി ബന്ധപ്പെട്ടത്<br>കളികൾ<br>സംഖ്യാപാറ്റേൺ<br>ഗണിത പാട്ടുകൾ | V<br>VI<br>VII | ജൂലൈ | | |
| 3 | വിശ്രമവേളകൾ ആനന്ദപ്രദമായി ഉപയോഗിക്കുന്നതിന് ഗണിത ആശയങ്ങൾ ഉപയോഗിക്കുക. | ഗണിത പാട്ടുകൾ | V<br>VI<br>VII | ആഗസ്റ്റ് | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ്സ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4 | ഗണിതത്തിന്റെ ആവശ്യകത, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | ടാൻ ഗ്രാം ചിത്രങ്ങൾ വെട്ടിയെടുത്ത് ഒട്ടിക്കുക | V<br>VI<br>VII | സെപ്റ്റംബർ | | |
| 5 | ഒറിഗാമി – ഗണിതപഠനത്തിൽ | ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ | V<br>VI<br>VII | 1 വർഷം | Maths Teacher | |
| 6 | ചിന്താശക്തി ഉയർത്തുന്ന ഗണിത ചോദ്യങ്ങൾ. | ഗണിത പ്രശ്നങ്ങൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു. | V<br>VI<br>VII | മാസത്തിൽ രണ്ട് പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |

# കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി

ലോക കായിക ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം എവിടെയാണെന്ന് ഇന്ന് ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇനി അങ്ങനെ ഒരു ഭൂപടം ഇല്ലായിരിക്കും അതാവും കാണാൻ പറ്റാത്തത്. ക്രിക്കറ്റിൽ മാത്രമാണ് അല്പമെങ്കിലും പേര് ഉള്ളത്. സ്വന്തമായി കായിക നയം പോലുമില്ലാത്ത ഒരു രാജ്യമായി നാം മാറി. 120 കോടി വരുന്ന ജനതയുടെ കായിക നിലവാരം കടലാസുകളിൽ മാത്രം. പട്ടിണിയും പരിവട്ടവും ഓടിതോല്പിച്ച് മുന്നില് എത്തുന്നവർ ഒരു തൊഴിൽ ലഭിക്കുന്നതോടെ കായിക മേഖലയിൽ നിന്നും പിൻവാങ്ങുന്നു. കേരള സംസ്ഥാനത്തെ യു.പി.ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 86% പേരും കായികക്ഷമത കുറഞ്ഞവരാണെന്ന് പരിശോധന പഠന റിപ്പോർട്ട് വന്നിട്ട് അധികം കാലമായിട്ടില്ലാ. ഒരു കിലോമീറ്റർ പോലും നടക്കാനുള്ള ശേഷി കുട്ടികൾക്ക് ഇല്ലാതുകുന്നു.

ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സും ബുദ്ധിയും ഉണ്ടാകൂ. പുതു തലമുറ നേരിടുന്ന പ്രധാന പ്രശ്നം വർദ്ധിച്ചുവരുന്ന ഹൃദ്രോഗവും, പ്രമേഹവും, രക്തസമ്മർദ്ദവുമാണ്. ഇതിനുകാരണം അനാരോഗ്യകരമായ ഭക്ഷണശീലങ്ങളും വ്യായാമമില്ലായ്മയുമാണ്. കുറഞ്ഞകായിക ശേഷി സൂചിപ്പിക്കുന്നത് രോഗങ്ങളിലേക്കുള്ള ദൂരം അധികം അകലെയല്ല എന്നാണ്. പുതുതലമുറ ജീവിത ശൈലി രോഗങ്ങളിൽ വീഴാതിരിക്കാൻ കായികശേഷി തിരിച്ചെടുക്കുക എന്നതു മാത്രമാണ് പരിഹാരം. ഇവിടെയാണ് കായിക വിദ്യാഭ്യാസതിന്റെ പ്രസ

ക്തി തിരിച്ചറിയേണ്ടത്. ആരോഗ്യപരമായ ജീവിതത്തിനു കായിക വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്.

1. **Health and Physical Education**
    1. Health Awareness Programme
    2. Dibate
    3. General exercise, Stretching and Mobility exercises.
    4. Importance of exercises
    5. Communicable and non communicable disease awareness.
    6. Proper posture when standing and sitting.
    7. Walking Cycle
2. **Fitness Promote Games.**
    1. Minor Games.
    2. Endurance promote games
    3. Agility promote games
    4. Co-ordination games.
3. **Study of March past**
4. Mass Physical Training
    1. Freehand Exercise
5. **Fitness test evaluation**
    1. Sit and reach test [for testing flexibility of hamstring and back muscles]

2. Standing broad jump [for evaluating explosive strength of legs]

3. Running [50/100/200mtr. for testing speed]

6. International Competition

1. Games.

7. Sports day
[Track and filed event's

8. Basic Yoga Asanas for kids.

1. Thalasana.
2. Thrigonazsana
3. Uthlcatasana
4. Vrikshasana
5. Naharayasana
6. Pathmasana
7. Vayrasana
8. Vayrasana
9. Gomugasana
10. Pavanukthasana
11. Noukasana
12. Makarasana
13. Buyangasana
14. Shalavasana
15. Shashangasana

## ഉപസംഹാരം

ഏതൊരു സ്കൂൾതല പ്രവർത്തനമാണെങ്കിലും വിജയപ്രദമാകണമെങ്കിൽ അവലോകനവും, വിലയിരുത്തലും ആവശ്യമാണ്. പ്രർത്തനം ഏറ്റെടുത്ത് നടത്തുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങൾ നേരിടാൻ സാധ്യതയുണ്ട്. ഈ പ്രശ്നങ്ങൾ / പരിഹരിക്കുവാൻ മോണിറ്ററിംഗ്കൊണ്ട് കഴിയും. മോണിറ്ററിംഗ് ഒരു തെറ്റുകണ്ടുപിടിക്കൽ പ്രക്രിയ ആകാതെ ഒരു കൈത്താങ്ങായ് മാറ്റുന്ന തരത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞു. അവലോകനം കൊണ്ട് വലിയ മെച്ചങ്ങൾ ഉണ്ടാക്കാൻ കഴിയും.